പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 857 30.06.2011- ൽ മറുപടിക്ക്

## വയനാട് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം.വി ശ്രേയാംസ്കുമാർ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | വയനാട് ജില്ലാ ദുരന്തനിവാരണ അതോറിറ്റി എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 2008 സെപ്തംബർ 22 നാണ് വയനാട് ജില്ലാ ദുരന്തനിവാരണ അതോറിറ്റി നിലവിൽ വന്നത്. |
| (ബി) | ജില്ലാ ദുരന്തനിവാരണ അതോറിറ്റി യുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (ബി) | ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലയിലെ ദുരന്തനിവാരണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരും യു.എൻ.ഡി.പിയുമായി ചേർന്ന് നടപ്പിലാക്കുന്ന ജില്ലാ ദുരന്ത സാധ്യത ലഘൂകരണ പരിപാടിയും നടപ്പാക്കുന്നുണ്ട്.<br>ഉദ്യോഗസ്ഥർക്കായുള്ള പരിശീലനം, സ്കൂൾ സുരക്ഷാ പരിപാടി, സന്നദ്ധ സംഘടനകൾക്കായുള്ള പരിശീലനം, പുതിയ പഞ്ചായത്ത് രാജ് അംഗങ്ങൾക്ക് വേണ്ടിയുള്ള പരിശീലനം, വില്ലേജ്തല ദുരന്ത നിവാരണ പരിപാടി, ജില്ലാ ദുരന്ത നിവാരണ പ്ലാൻ, വകുപ്പുതല ദുരന്ത നിവാരണ പ്ലാൻ എന്നിവയും കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. |
| (സി) | ജില്ലാ ദുരന്തനിവാരണ അതോറിറ്റി യുടെ പ്രവർത്തനത്തിനായി കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ലഭിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം വ്യക്തമാക്കുമോ; | (സി) | ജില്ലാ ദുരന്തനിവാരണ അതോറിറ്റി യുടെ പ്രവർത്തനങ്ങൾക്കായി ലഭിച്ച തുകയും വിനിയോഗവും ചുവടെ ചേർക്കുന്നു. |

| വർഷം | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2007 | 46674762 | 46578235 |
| 2008 | 177842099 | 172482144 |
| 2009 | 41360154 | 33798417 |
| 2010 | 216156666 | 185785204 |
| 2011 | 56544537 | 36380398 |
| ആകെ | 538578218 | 475024398 |

| | | | |
|---|---|---|---|
| (ഡി) | ജില്ലാ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (ഡി) യും (ഇ) യും | വയനാട് ജില്ലയിലെ ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഏകോപനം കാര്യക്ഷമമാക്കുന്നതിനായി ഒരു ദുരന്ത നിവാരണ പ്ലാൻ രൂപീകരിക്കുന്നതിന്റെ ആദ്യ ഘട്ടം പൂർത്തിയായി. ജില്ലയിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും കുറ്റമറ്റ മാക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ അടിയന്തിരം, ഹ്രസ്വകാലം, ദീർഘ കാലം എന്നിങ്ങനെ തരംതിരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### അടിയന്തിരം

1. അടിയന്തിര/ദുരന്ത സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ജില്ലാ ആസ്ഥാനത്ത് ഒരു എമർജൻസി ഓപ്പറേഷൻ സെന്റർ തുടങ്ങുക.

2. ജില്ലയിൽ ദുരന്തങ്ങളിൽ അകപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിനും വിവിധ ദുരന്ത രക്ഷാ പ്രവർത്തന പരിശീലനങ്ങളും, രക്ഷാ പ്രവർത്തനാഭ്യാസ പ്രകടനങ്ങളും (Mock Drill) നടത്തുന്നതിന് സുസജ്ജമായ ഒരു വാഹനം ലഭ്യമാക്കുക.

3. ജില്ലാ തലത്തിലും താലൂക്ക് വില്ലേജ് തലങ്ങളിലും ഉദ്യോഗസ്ഥർക്ക്, ദുരന്തനിവാരണം, അടിയന്തിര ഘട്ടങ്ങളിലെ ആശയ വിനിമയം, ദുരന്ത സാഹചര്യങ്ങളെ വിലയിരുത്തൽ, രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ, മുന്നറിയിപ്പ് സംവിധാനങ്ങളുടെ പ്രവർത്തനം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുക.

### ഹ്രസ്വകാലം

4. ജില്ലാ തലത്തിൽ വിവിധ സമയങ്ങളിലും കാലങ്ങളിലുമായി നടക്കുന്ന ദുരന്തങ്ങളുടെ പൂർണ്ണവും വിശദവുമായ വിവരങ്ങൾ രേഖപ്പെടുത്തുകയും ആവശ്യമുള്ളപ്പോൾ അത് ഉപയോഗപ്പെടുത്തുവാൻ കഴിയുന്ന തരത്തിൽ ഒരു ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം വികസിപ്പിച്ചെടുക്കുക. ഈ സംവിധാനം ജില്ലാ ആസ്ഥാനത്തുള്ള എമർജൻസി ഓപ്പറേഷൻ സെന്ററുമായി അനുബന്ധിച്ച് പ്രവർത്തിക്കുന്നതാണ്.

5. ജില്ലയിൽ ദുരന്തനിവാരണം, ദുരന്ത രക്ഷാ പ്രവർത്തനം തുടങ്ങിയ മേഖലകളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്ന സന്നദ്ധ പ്രവർത്തകരെയും, സംഘടനകളെയും ഉൾപ്പെടുത്തി ജില്ലാ തലത്തിൽ ഒരു അടിയന്തിര രക്ഷാ സമിതി രൂപീകരിക്കുക.

6. നിലവിൽ തയ്യാറാക്കിയിട്ടുള്ള ജില്ലാ ദുരന്തനിവാരണ പ്ലാൻ കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കി മാറ്റുക.

7. ജില്ലയിൽ ദുരന്ത/അടിയന്തിര ഘട്ടങ്ങളിൽ ഇടപെടേണ്ട ഫയർ ആന്റ് റസ്ക്യൂ, പോലീസ്, ആരോഗ്യ വകുപ്പ്, വനം വകുപ്പ്, ഗ്രാമ വികസന വകുപ്പ്, ജില്ലാ ആസൂത്രണ വിഭാഗം തുടങ്ങിയ എല്ലാ സർക്കാർ വകുപ്പുകളിലും അതത് വകുപ്പുകൾക്ക് വേണ്ടിയുള്ള ദുരന്ത നിവാരണ പ്ലാൻ തയ്യാറാക്കുക.

**ദീർഘകാലം**

8. ജില്ലയിലെ വിവിധ തലത്തിലുള്ള ആളുകൾക്കായി (പഞ്ചായത്ത് തലം, ജില്ലാ തലം, സന്നദ്ധ സംഘടനകൾ, സ്കൂളുകൾ, ഡ്രൈവർമാർ, ആശുപത്രി ജീവനക്കാർ, ഓട്ടോറിക്ഷ തൊഴിലാളികൾ തുടങ്ങിയവർ.) ദുരന്തനിവാരണ ബോധവൽകരണവും വിവിധ ദുരന്തനിവാരണ മാർഗ്ഗങ്ങളുടെ പ്രായോഗിക പരിശീലനവും സംഘടിപ്പിക്കുക.

9. ജില്ലയുടെ അപകട സാധ്യതാ ഭൂപടങ്ങൾ തയ്യാറാക്കുക.

10. അപകട സാധ്യതാ ഭൂപടങ്ങൾക്കനുസൃതമായി സാമൂഹ്യ വികസന, പുനരധിവാസ പരിപാടികൾ ആസൂത്രണം ചെയ്യുക.

Rajesh

സെക്ഷൻ ഓഫീസർ